## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.124** **30.09.2016 ൽ മറുപടിയ്ക്ക്**

## മോട്ടോർ വാഹനങ്ങളിലെ അടയാള പ്രദർശനങ്ങൾ

| ചോദ്യം<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പി.കെ.അബ്ദുറബ്ബ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഓരോ മോട്ടോർ വാഹനത്തിലും അതിന്റെ രജിസ്ട്രേഷൻ നമ്പർ, ഉടമാവകാശവും ഉപയോഗ പ്രത്യേകതകളും (സർക്കാർ/ പൊതുമേഖല/ സ്വകാര്യ/ ടാക്സി) വ്യക്തമാക്കുന്നതിന് ആവശ്യമായതിലേറെ അടയാളങ്ങൾ, കൊടികൾ, മറ്റ് അലങ്കാരങ്ങൾ എന്നിവ പ്രദർശിപ്പിക്കാൻ അനുമതി നല്കുന്നതിന്റെ ഉദ്ദേശ്യവും മാനദണ്ഡവും എന്താണെന്ന് വിശദമാക്കുമോ; | (എ) | 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടങ്ങൾ 50,51 എന്നിവ പ്രകാരം വാഹനങ്ങളിൽ രജിസ്ട്രേഷൻ നമ്പർ പ്രദർശിപ്പിക്കുന്നതിനുള്ള അനുവാദവും, 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 92 എ പ്രകാരം സർക്കാർ വാഹനങ്ങളിൽ ബോർഡ് പ്രദർശിപ്പിക്കുന്നതിനുള്ള അനുമതിയുമാണ് നിലവിൽ നൽകിയിട്ടുള്ളത്. സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സർക്കാർ ഉടമസ്ഥതയിലുള്ള വാഹനങ്ങളിൽ അനധികൃതമായി ബോർഡ് പ്രദർശിപ്പിക്കുന്ന പ്രവണത ഒഴിവാക്കുക എന്നുള്ള ഉദ്ദേശ്യത്തോടു കൂടിയാണ് കേരള മോട്ടോർ വാഹന ചട്ടം 92 എ പ്രകാരം ചട്ടഭേദഗതി കൊണ്ടു വന്നത്. കൂടാതെ സർക്കാർ വാഹനങ്ങളെ മറ്റ് വാഹനങ്ങളിൽ നിന്നും വേഗത്തിൽ വിവേചിച്ചറിയുവാനും അടിയന്തിര കൃത്യനിർവ്വഹണത്തിന് വിവിധ സ്ഥലങ്ങളിൽ എത്തിച്ചേരുന്നതിനും ഇത് സഹായിക്കുന്നുണ്ട്. ഉദ്യോഗസ്ഥൻമാരെ അടിയന്തിര കൃത്യനിർവ്വഹണത്തിന് സഹായിക്കൽ, സർക്കാർ/അർദ്ധസർക്കാർ/മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള വിഭാഗത്തിലേതു വാഹനമാണെന്ന തിരിച്ചറിയൽ, ഉന്നത പദവികൾ |

| | | | |
|---|---|---|---|
| | | | വഹിക്കുന്ന ഉദ്യോഗസ്ഥന്മാരെ തിരിച്ചറിയൽ എന്നീ ഉദ്ദേശ്യങ്ങളാണ് ഇത്തരം ബോർഡുകൾ വാഹനത്തിൽ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യം.<br>1988-ലെ മോട്ടോർ വാഹന നിയമത്തിലെ 2(28)-ാം വകുപ്പ് പ്രകാരം നിർവചിക്കപ്പെട്ടിട്ടുള്ളതും പൊതുനിരത്തിൽ ഉപയോഗിക്കുന്നതുമായ വാഹനങ്ങൾക്കാണ് രജിസ്ട്രേഷൻ മാർക്ക് നൽകുന്നത്. 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ 92 എ ചട്ടപ്രകാരം ((എസ്.ആർ.ഒ. നം.796/15) സംസ്ഥാന ഗവർണ്ണർ, പാർലമെന്റിലെ അംഗങ്ങൾ, സംസ്ഥാന നിയമസഭയിലെ അംഗങ്ങൾ, ജില്ലാ കളക്ടർ, വകുപ്പ് തലവന്മാർ എന്നിവർക്ക് തങ്ങളുടെ പദവി സൂചിപ്പിക്കുന്ന ബോർഡ് തങ്ങളുടെ വാഹനത്തിൽ പ്രദർശിപ്പിക്കാവുന്നതാണ്. രാജ് ഭവന് സർക്കാർ നൽകിയിട്ടുള്ള വാഹനങ്ങളിൽ രജിസ്ട്രേഷൻ നമ്പർ പ്ലേറ്റിനു സമീപം 'രാജ് ഭവൻ' എന്ന ബോർഡ് സ്ഥാപിക്കാവുന്നതാണ്. സംസ്ഥാന മന്ത്രിമാർക്ക് നൽകിയിട്ടുള്ള വാഹനങ്ങളിൽ 'കേരള സർക്കാർ' എന്ന ബോർഡും, പ്രദർശിപ്പിക്കാവുന്നതാണ്. ഇത് കൂടാതെ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, ഭരണഘടനാപരമായ സ്ഥാപനങ്ങൾ, സ്റ്റാറ്റ്യൂട്ടറി ബോർഡുകൾ തുടങ്ങിയവയുടെ തലവൻമാർ സഞ്ചരിക്കുന്ന വാഹനങ്ങളിൽ അവരുടെ പദവി സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കാവുന്നതാണ്. കൂടാതെയുള്ള പൊതു മേഖലാ സ്ഥാപനങ്ങളും, ബോർഡുകളും നാഷണലൈസ്ഡ് ബാങ്കുകളും 'കേന്ദ്ര അഥവാ സംസ്ഥാന സർക്കാർ സംരംഭം' എന്ന് ബോർഡോടെ തങ്ങളുടെ സ്ഥാപനത്തിന്റെ പേര് അടങ്ങിയ ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്. ബഹു.കോടതികൾ ബോർഡ് പ്രദർശിപ്പിക്കുവാൻ അനുമതി നൽകിയിട്ടുള്ള സ്ഥാപനങ്ങൾക്കും |

| | | | |
|---|---|---|---|
| | | | ബോർഡുകൾ പ്രദർശിപ്പിക്കാവുന്നതാണ്. ഇത്തരം ബോർഡുകൾ ഇളം നീല നിറത്തിൽ കറുത്ത അക്ഷരങ്ങളോടെയാവണം. യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലർക്ക് അദ്ദേഹത്തിന്റെ പദവി സൂചിപ്പിക്കുന്ന ബോർഡും, യൂണിവേഴ്സിറ്റിയുടെ വാഹനങ്ങൾക്ക് യൂണിവേഴ്സിറ്റിയുടെ ബോർഡും നീല ബോർഡിൽ വെളുത്ത അക്ഷരങ്ങളിൽ പ്രദർശിപ്പിക്കാവുന്നതാണ്<br>കേരള ഹൈക്കോടതിയിലെ ലോ ഓഫീസർമാർ, മറ്റ് ജുഡീഷ്യൽ ഓഫീസർമാർ എന്നിവർക്ക് അവരുടെ പദവി സൂചിപ്പിക്കുന്ന ബോർഡും വാഹനത്തിൽ പ്രദർശിപ്പിക്കാവുന്നതാണ്. ഡെപ്യൂട്ടി സെക്രട്ടറി പദവിയ്ക്ക് മുകളിലുള്ള ഉദ്യോഗസ്ഥർക്കും, ലോക് അദാലത്തിന്റെ ചെയർമാൻ തുടങ്ങിയവർക്കും തങ്ങളുടെ പദവി സൂചിപ്പിക്കുന്ന ബോർഡുകൾ വാഹനത്തിൽ പ്രദർശിപ്പിക്കാവുന്നതാണ്. ബോർഡുകൾ വാഹനത്തിൽ പ്രദർശിപ്പിക്കുവാൻ അനുവാദമുള്ള വ്യക്തികൾ സഞ്ചരിക്കാത്തപ്പോൾ അത്തരം വാഹനങ്ങളിലെ ബോർഡുകൾ നീക്കം ചെയ്യേണ്ടതോ അല്ലെങ്കിൽ പൂർണ്ണമായും മറക്കേണ്ടതുമാണ്.<br>19-03-2014 തീയതിയിലെ ജി.ഒ.(പി) നം. 28/2014/ട്രാൻ, 07-06-2014 തീയതിയിലെ ജി.ഒ.(പി) നം. 41/2014/ട്രാൻ, 20-10-2014 തീയതിയിലെ ജി.ഒ. (പി) നം. 76/2014/ട്രാൻ, 26-08-2015 തീയതിയിലെ ജി.ഒ.(പി) നം. 49/2015/ട്രാൻ തുടങ്ങിയ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് ഔദ്യോഗിക വാഹനങ്ങളിൽ ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതിന് വിവിധ സ്ഥാനമാനങ്ങൾ വഹിക്കുന്നവർക്ക് അധികാരം നൽകിയിട്ടുള്ളത്. പ്രസ്തുത ഉത്തരവുകൾ പ്രകാരം സംസ്ഥാന ഗവർണ്ണർ, സംസ്ഥാന മുഖ്യമന്ത്രി, ഹൈക്കോടതി ചീഫ് ജസ്റ്റിസ്, കേരള നിയമസഭാ സ്പീക്കർ, കേരള |

| | | | |
|---|---|---|---|
| | | | നിയമസഭയിലെ പ്രതിപക്ഷ നേതാവ്, സംസ്ഥാന മന്ത്രിമാർ, ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ, കേരള ഹൈക്കോടതിയിലെ ജഡ്ജിമാർ എന്നിവർക്ക് ഫ്ലാഷറോട്ടു കൂടിയ ചുമന്ന ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. കേരളാ നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ, കേരള സർക്കാർ ചീഫ് സെക്രട്ടറി, സംസ്ഥാന അഡ്വക്കേറ്റ് ജനറൽ, സംസ്ഥാന ഇലക്ഷൻ കമ്മീഷണർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, കേരള സംസ്ഥാന മൈനോറിറ്റീസ് കമ്മീഷൻ ചെയർമാൻ, കേരള സംസ്ഥാന ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് കമ്മീഷൻ ചെയർമാൻ എന്നിവർക്ക് ഫ്ലാഷറില്ലാത്ത ചുമന്ന ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങൾ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗങ്ങൾ, സംസ്ഥാന ഗവണ്മെന്റ് സെക്രട്ടറിമാർ, ജില്ലാ ജഡ്ജിമാർ, ജില്ലാ കളക്ടർമാർ, നോർക്ക റൂട്ട്സ് വൈസ് ചെയർമാൻ, ഡിസ്ട്രിക്ട് പോലീസ് ചീഫ് റാങ്കിലും അതിനു മേലെയുമുള്ള പോലീസ് ഉദ്യോഗസ്ഥർ, ട്രാൻസ്പോർട്ട് കമ്മീഷണർ, എസ്കോർട്ട് അല്ലെങ്കിൽ പൈലറ്റ് വാഹനങ്ങളായി ഉപയോഗിക്കുന്ന പോലീസ് വാഹനങ്ങൾ, വിവിധ യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാർ, ഇൻഡ്യൻ ഫോറസ്റ്റ് സർവ്വീസിലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റാങ്കിലും അതിനു മേലെയുമുള്ള ഉദ്യോഗസ്ഥർ, വിജിലൻസ് ട്രിബ്യൂണലിലെ എൻക്വയറി കമ്മീഷണർമാർക്കും, സ്പെഷൽ ജഡ്ജിമാർക്കും, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് കമാൻഡന്റ് കം ഡിവിഷണൽ സെക്യൂരിറ്റി ഓഫീസർ എന്നിവർക്ക് ഫ്ലാഷറോട്ടു കൂടിയതോ, അല്ലാത്തതോ ആയ നീല ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. ആംബുലൻസ് |

| | | | |
|---|---|---|---|
| | | | സർവ്വീസ്, ഫയർ സർവ്വീസ് എന്നിവ നടത്തുന്ന വാഹനങ്ങൾ, എമർജൻസി മെയിന്റനൻസ് വാഹനങ്ങൾ, ക്രമസമാധാന പാലനത്തിനുപയോഗിക്കുന്ന പോലീസ് വാഹനങ്ങൾ ടെറിട്ടോറിയൽ വിംഗിന്റെ ചുമതലയുള്ള ഫോറസ്റ്റ് ഓഫീസറുടെ വാഹനങ്ങൾ, വൈൽഡ് ലൈഫ് വിംഗ്, ഫ്ലയിംഗ് സ്ക്വാഡ് വാഹനങ്ങൾ തുടങ്ങി തങ്ങളുടെ ചുമതല തുടരുന്നതിനായി നിർബാധം റോഡ് ഉപയോഗിക്കേണ്ടി വരുന്ന വാഹനങ്ങൾക്ക് ചുമപ്പ്, നീല, വെളുപ്പ് നിറങ്ങൾ ഉൾപ്പെടുന്ന മൾട്ടി കളർ ബീക്കൺ ലൈറ്റ് ഉപയോഗിക്കാവുന്നതാണ്. കൊടികൾ, അടയാളങ്ങൾ, അലങ്കാരങ്ങൾ എന്നിവ വാഹനങ്ങളിൽ പ്രദർശിപ്പിക്കുന്നതിന് യാതൊരു പ്രത്യേക അനുമതിയും നൽകിയിട്ടില്ല. |
| (ബി) | രജിസ്ട്രേഷൻ നമ്പർ പ്രദർശിപ്പിക്കാതെ ഏതെങ്കിലും മോട്ടോർ വാഹനത്തെ ഗതാഗതത്തിന് ഉപയോഗിക്കാൻ അനുമതി നൽകാറുണ്ടോ; എങ്കിൽ ഏതൊക്കെ വാഹനങ്ങൾക്കാണ് അത്തരം അനുമതി നൽകാറുള്ളതെന്നും ഇപ്രകാരം അനുമതി നൽകുന്നതിനുള്ള കാരണവും മാനദണ്ഡവും എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 50, 51 എന്നിവ പ്രകാരം നിരത്തിലോടുന്ന ഓരോ മോട്ടോർ വാഹനത്തിലും നിർബന്ധമായും രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കാതെ ഗതാഗതത്തിന് ഉപയോഗിക്കാൻ ഒരു വാഹനത്തിനും അനുമതി നൽകാറില്ല |
| (സി) | രജിസ്ട്രേഷൻ നമ്പർ ഒഴികെയുള്ള ചിഹ്നങ്ങളും കൊടികളും പ്രത്യേക നിറത്തിലെ ബോർഡുകളും പ്രദർശിപ്പിച്ചിട്ടുള്ള മോട്ടോർ വാഹനങ്ങൾക്ക് റോഡു നിയമങ്ങൾ ലംഘിക്കാനോ നിയമത്തിൽ ഇളവുകൾ ആവശ്യപ്പെടാനോ അവകാശം നൽകുന്നുണ്ടോ; വിശദമാക്കുമോ? | (സി) | റോഡ് നിയമങ്ങൾ ലംഘിക്കുന്നതിനോ, നിയമത്തിൽ ഇളവുകൾ ആവശ്യപ്പെടുന്നതിനോ അവകാശമില്ല. ഇത്തരത്തിലുള്ള യാതൊരു ഇളവുകളും നൽകിയിട്ടുമില്ല. |

സെക്ഷൻ ഓഫീസർ